പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3000 **29-10-2026-ൽ മറുപടിയ്ക്ക്**

വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കിയ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. എ. പ്രഭാകരൻ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. ജി. സ്റ്റീഫൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികളുടെ ഗവേഷണാത്മക-തൊഴിൽ പഠനത്തിന് പ്രാധാന്യം നൽകി സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ.) മുഖേന നടപ്പിലാക്കിയിരുന്ന പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൂർണ്ണമായും സ്തംഭിച്ചു എന്ന് പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ.) മുഖേന നടപ്പിലാക്കിയിരുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക പ്രയാസം നേരിടുന്നുണ്ടെങ്കിലും സംസ്ഥാന സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സാമ്പത്തിക സഹായത്തോടെ പരിപാടികൾക്ക് മുൻഗണന നൽകി നടപ്പിലാക്കി വരുന്നു.

(ബി) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുമായി (കുസാറ്റ്) ചേർന്ന് വിഭാവനം ചെയ്ത സ്മീം ഇക്കോ സിസ്റ്റം, ഇന്റഗ്രേറ്റഡ് ലാബ്, ക്രിയേറ്റീവ് കോർണർ തുടങ്ങിയ പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

മറുപടി: സമഗ്ര ശിക്ഷാ കേരളം സ്റ്റാർസ് പദ്ധതിയുടെ ഭാഗമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുമായി (കുസാറ്റ്) ചേർന്ന് വിഭാവനം ചെയ്ത് നടപ്പിലാക്കിയ പദ്ധതികളാണ് സ്മീം ഇക്കോസിസ്റ്റം, ഇന്റഗ്രേറ്റഡ് ലാബ്, ക്രിയേറ്റീവ് കോർണർ എന്നീ പദ്ധതികൾ. പ്രസ്തുത പദ്ധതികളുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഉപകരണങ്ങളും പഠന മൊഡ്യൂളുകളും സജ്ജീകരിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു.

(സി) 17 കോടിയോളം രൂപ ചിലവഴിച്ച് സംസ്ഥാനത്തെ 86 സ്മീം ഹബ്ബുകളിലും 686 സ്കൂളുകളിലുമായി സജ്ജീകരിച്ചിരുന്ന ലാബുകളിലെ വിലപിടിപ്പുള്ള ഉപകരണങ്ങൾ ഉപയോഗശൂന്യമായി നശിക്കുകയാണെന്ന മാധ്യമ വാർത്തകൾ പരിഗണിച്ച് സർക്കാർ എന്ത് അടിയന്തര നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്തെ തിരഞ്ഞെടുത്ത സ്കൂളുകളിൽ ആരംഭിച്ചിട്ടുള്ള സ്മീം ഹബ്ബുകളിലും ഇന്റഗ്രേറ്റഡ് ലാബുകളിലും വിലപിടിപ്പുള്ള ഉപകരണങ്ങൾ ആണ് കുസാറ്റുമായി ചേർന്ന് സജ്ജീകരിച്ചിട്ടുള്ളത്.

പ്രസ്തുത സ്കൂളുകളിൽ തുടർപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്.

(ഡി) തൊഴിൽ പരിശീലനത്തിനും കലാനൈപുണ്യത്തിനുമായി 14 ജില്ലകളിലായി ഒരു സ്കൂളിന് 5.5 ലക്ഷം രൂപ ചിലവിട്ട് 600 സ്കൂളുകളിൽ സ്ഥാപിച്ച ക്രിയേറ്റീവ് കോർണറുകളുടെ നിലവിലെ പ്രവർത്തനക്ഷമത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u> തൊഴിൽ പരിശീലനത്തിന് കളമൊരുക്കുന്നതിനായി 14 ജില്ലകളിലായി ഒരു സ്കൂളിന് 5.5 ലക്ഷം രൂപ ചിലവിട്ട് രണ്ട് ഘട്ടങ്ങളിലായി ആകെ 600 സ്കൂളുകളിൽ ക്രിയേറ്റീവ് കോർണറുകൾ സജ്ജീകരിച്ചിട്ടുണ്ട്. കൈറ്റുമായി സഹകരിച്ചാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. കഴിഞ്ഞ വർഷം ആദ്യഘട്ടത്തിൽ ക്രിയേറ്റീവ് കോർണർ സജ്ജീകരിച്ചിട്ടുള്ള സ്കൂളുകളിലെ ചുമതലയുള്ള അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ക്രിയേറ്റീവ് കോർണർ സജ്ജീകരിച്ച സ്കൂളുകളിലെയും ആദ്യഘട്ടത്തിൽ സജ്ജീകരിച്ച സ്കൂളുകളിലെയും അധ്യാപകർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്.

(ഇ) കുട്ടികൾക്ക് സാങ്കേതിക-ഗവേഷണ മേഖലകളിൽ വലിയ നേട്ടമുണ്ടാക്കാൻ കഴിഞ്ഞിരുന്ന പദ്ധതികൾ നിർജീവമാകുന്നത് പൊതുവിദ്യാഭ്യാസ മേഖലയുടെ പദ്ധതികളുടെ തകർച്ചയ്ക്ക് കാരണമാകുമെന്നതിനാൽ പ്രസ്തുത പദ്ധതികൾ അടിയന്തരമായി പുനരുജ്ജീവിപ്പിച്ച് കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് സാങ്കേതിക - ഗവേഷണ മേഖലകളിൽ മികച്ച നേട്ടമുണ്ടാക്കാൻ കഴിയുന്ന നിരവധി പദ്ധതി പ്രവർത്തനങ്ങൾ സമഗ്ര ശിക്ഷാ കേരളം, സ്റ്റാർസ് എന്നീ പദ്ധതികളുടെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ